(ബി) പ്രസ്തുത നിയമപ്രകാരം പിടിക്കപ്പെടേണ്ടവരായ എത്രപേരെ പിടികിട്ടാനുണ്ട്;

(സി) ഈ നിയമം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

(ഡി) ഈ നിയമമനുസരിച്ച് അറസ്റ്റ് നടത്തിയ പോലീസിന്റെ നടപടി ക്രമങ്ങളിലുണ്ടായ വീഴ്ചമൂലം നിരവധി കുറ്റവാളികൾ ജയിൽ മോചിതരായിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇത്തരം സംഭവങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

പോലീസ് സഹകരണ സംഘത്തിലെ ഭാരവാഹികൾ

48 (338) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡിപ്പാർട്ട്മെന്റിലെ സഹകരണ സംഘങ്ങളിൽ ഭാരവാഹികളായി പ്രവർത്തിക്കുന്നത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ മുടക്കംവരാതെ ആയിരിക്കണമെന്ന് ഡി.ജി.പി. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഉത്തരവിന് വിപരീതമായി ഔദ്യോഗിക ജോലികൾ ചെയ്യാതെ ഏതെങ്കിലും സംഘം ഭാരവാഹികളോ ഭരണസമിതിയംഗങ്ങളോ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) മേൽ സർക്കുലറോ ഉത്തരവോ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തീയതിക്കുശേഷമുള്ള പോലീസ് സ്റ്റാഫ് സഹകരണസംഘം ടി 696 തിരുവനന്തപുരത്തിന്റെ പ്രസിഡന്റിന്റെയും തിരുവനന്തപുരം സിറ്റിപോലീസ് കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സ്റ്റോർ ടി 920-ന്റെ പ്രസിഡന്റിന്റെയും ഡ്യൂട്ടിയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഡ്യൂട്ടി റോസ്റ്റർ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഡി.ജി.പി. സിബി മാത്യൂസിന്റെ പരാതി

49 (339) ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തനിക്കെതിരെ വ്യാജപരാതി നൽകുന്നുവെന്ന സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ഡി.ജി.പി. സിബി മാത്യൂസ്, ഡി.ജി.പി. ജേക്കബ് പുന്നൂസിന് പരാതി സമർപ്പിക്കുകയുണ്ടായോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly